E1- 943/1995

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
സിവിൽ സ്റ്റേഷൻ, രണ്ടാം നില
കാക്കനാട് എറണാകുളം
Email- ddp.ekm@gmail.com
Ph No: 0484- 2422219

**തീയതി 03/09/2021**

# ലേലം - ക്വട്ടേഷൻ പരസ്യം

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള 1994 മോഡൽ ***ജെസ്സോപ്പ് 810 റോഡ് റോളർ*** പ്രവർത്തനക്ഷമമല്ലാത്തതിനാൽ ബഹു.. പഞ്ചായത്ത് ഡയറക്ടറുടെ **01/09/2021** തീയതിയിലെ **ജി 2-68/2021** നമ്പർ ഉത്തരവ് പ്രകാരം 27/9/2021 തിങ്കളാഴ്ച ആയതിൻറെ നിൽപ്പ് സ്ഥിതിയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോ, അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ വച്ച് പൊതു ലേലം/ ക്വട്ടേഷൻ വ്യവസ്ഥ പ്രകാരം വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11.00 മണിയ്ക്ക് പ്രസ്തുത വാഹനത്തിൻെറ പരസ്യ ലേലം നടത്തുന്നതും, ലേലത്തിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്നയാൾ ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്. ലേലത്തെ തുടർന്ന് അന്നേ ദിവസം ഉച്ചയ്ക്ക് 02.00 മണിയ്ക്ക് 27/9/2021 തീയതി രാവിലെ 11.00 മണി വരെ ലഭിച്ചിട്ടുള്ള ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതായിരിക്കും. ലേലത്തിലോ/ ക്വട്ടേഷനിലോ ഏതിലാണോ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്തിട്ടുള്ളത് ആ വ്യക്തിയുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ പ്രസ്തുത ലേലം/ക്വട്ടേഷൻ നടക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും, സ്ഥലത്തും വച്ച് ലേലം/ ക്വട്ടേഷൻ നടത്തുന്നതാണ്. ക്വട്ടേഷനിൽ ലേലത്തേക്കാൾ ഉയർന്ന തുക ക്വാട്ട് ചെയ്യപ്പെട്ടാൽ അപ്രകാരം ചെയ്യുന്ന വ്യക്തി ടി തുകയുടെ പകുതി തുക അപ്പോൾ തന്നെ പണമായി ഓഫീസിൽ അടവാക്കേണ്ടതാണ്.

(ക്വട്ടേഷൻ ഫാറം 24.09.2021 വെള്ളിയാഴ്ച തീയതി വൈകുന്നേരം **04.00** മണി വരെ പ്രവർത്തി സമയങ്ങളിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ നിന്നും കൈപ്പറ്റാവുന്നതാണ്.) പൂരിപ്പിച്ച ഫോമുകൾ 27/9/21 തീയതി രാവിലെ 11.00 ന് മുമ്പായി മുദ്ര വച്ച കവറിൽ സമർപ്പിക്കേണ്ടതാണ്.

| വാഹനത്തിൻെറ നമ്പർ | മോഡൽ | നിരതദ്രവ്യം (രൂപ) |
|---|---|---|
| **KL-07-J-7089** | **JESSOP 810 ROAD ROLLER** | **1875/-** |

# നിബന്ധനകൾ

**1)** മേൽ പറയുന്ന വാഹനം ലേലം/ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുമ്പായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുവാദത്തോടെ നേരിൽ പരിശോധിച്ച് ഗുണനിലവാരം ബോദ്ധ്യപ്പെടാവുന്നതാണ്. ഗുണ നിലവാരം സംബന്ധിച്ച് ലേലത്തിന് ശേഷം ഉന്നയിക്കുന്ന യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

**2)** ലേലത്തിൽ പങ്കെടുക്കുന്നവർ/ ക്വട്ടേഷൻ സമർപ്പിക്കുന്നവർ അവരെ തിരിച്ചറിയുന്നതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ്/ ബന്ധപ്പെട്ട വില്ലേജ് ആഫീസർ നൽകിയ പൂർണ്ണ മേൽവിലാസം, ഒപ്പ് എന്നിവ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്/ ഇന്ത്യൻ പാസ്സ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്/ മറ്റ് നിയമാനുസൃത തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്ന് സഹിതം ഹാജരാകേണ്ടതാണ്. GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻെറ പകർപ്പ് ഹാജരാക്കേണ്ടതാണ്.

**3)** നിരതദ്രവ്യം **1875/-** രൂപ പണമായി കെട്ടിവയ്ക്കേണ്ടതാണ്. വിജയിയായ ആളിൻെറ നിരതദ്രവ്യം വിൽപ്പന വിലയിലേയ്ക്ക് നീക്കി വയ്ക്കുന്നതും, മറ്റുള്ളവരുടെ നിരതദ്രവ്യം ലേലത്തിന് ശേഷം തിരികെ നൽകുന്നതുമാണ്. നിരതദ്രവ്യം ഉൾപ്പെടെ **50%** തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന വിജയിയുടെ നിരതദ്രവ്യം സർക്കാരിലേയ്ക്ക് കണ്ടുകെട്ടി അവരുടെ നഷ്ടോത്തരവാദിത്വത്തിൽ വാഹനം പുനർ ലേലം ചെയ്യുന്നതായിരിക്കും.

**4)** അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ലേലം സ്ഥിരീകരിച്ചാലുടൻ വിജയികളെ വിവരം അറിയിക്കുന്നതാണ്. അപ്രകാരമുള്ള അറിയിപ്പ് കിട്ടി **15** ദിവസങ്ങൾക്കുള്ളിൽ ബാക്കി സംഖ്യയും, നിയമാനുസൃത നികുതികളും **(GST** ഉൾപ്പെടെ**)** അടച്ച് വാഹനം നീക്കം ചെയ്യേണ്ടതാണ്.

**5)** മേൽ പ്രകാരം വാഹനം നീക്കം ചെയ്തില്ലെങ്കിൽ , ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വാഹനം പുനർ ലേലം ചെയ്യുന്നതും, നഷ്ടമുണ്ടായാൽ ലേല ചെലവ് ഈടാക്കുന്നതുമായിരിക്കും. ലാഭമുണ്ടായാൽ അതിൻമേൽ ടിയാന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

**6)** ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഇതോടൊപ്പം കൊടുത്തിട്ടുള്ള **Annexure – I** ഫാറം പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

**7)** ക്വട്ടേഷനോടൊപ്പം സമർപ്പിക്കുന്നയാളിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്, GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, നിരതദ്രവ്യം അടച്ച രസീതിന്റെ പകർപ്പ് എന്നിവ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**8)** ലേലം സ്വീകരിക്കാനും, നിരാകരിക്കാനുമുള്ള അധികാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിലും, തിരുവനന്തപുരം പഞ്ചായത്ത് ഡയറക്ടറിലും നിക്ഷിപ്തമായിരിക്കും.

**9)** ലേലം സംബന്ധമായി പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിക്കും.

OFFICE OF THE DEPUTY DIRECTOR OF PANCHAYATS ★ ERNAKULAM

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
എറണാകുളം